**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **08-06-2021 - ൽ മറുപടിയ്ക്ക്**

**2020-21 ലെ നികുതി വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 67,420.01 കോടി രൂപയും നികുതിയേതര വരുമാനം 14,587 കോടി രൂപയുമാണ്. |
| (ബി) | 2021 മാർച്ച് 31 വരെ ഓരോ ഇനത്തിലും ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ 2020-21 ലെ താൽകാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന് ലഭിച്ച തനത് നികുതി വരുമാനം 47,672 കോടി രൂപയും നികുതിയേതര വരുമാനം 6,420.03 കോടി രൂപയുമാണ്. |
| (സി) | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്ര നികുതി വിഹിതമായും കേന്ദ്ര ധനസഹായമായും കഴിഞ്ഞ സാമ്പത്തിക വർഷം പ്രതീക്ഷിച്ച തുക എത്രയാണെന്നും അതിൽ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ? | (സി) | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്ര നികുതി വിഹിതമായും കേന്ദ്ര ധനസഹായമായും കഴിഞ്ഞ സാമ്പത്തിക വർഷം പ്രതീക്ഷിച്ച തുക യഥാക്രമം 20,934.80 കോടി രൂപയും 11,694.09 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഇവയിൽ ലഭിച്ച തുക യഥാക്രമം 11,532.89 കോടി രൂപയും 31,049 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ